# വിശ്വം ദീപമയം

**1.അർത്ഥം**

മാല്= ദു:ഖം/ മഹി=ഭൂമി/ മാഴ്കുക= ദു:ഖിക്കുക, കരയുക/ നിശ= രാത്രി/ വപുസ്സ്= ശരീരം/ ഇനൻ= സൂര്യൻ/ ഉഡു= നക്ഷത്രം/പംക്തി= കൂട്ടം/ വിശ്രാന്തി=വിശ്രമം/ പൊരുൾ= അർത്ഥം/ അജൻ=ഈശ്വരൻ/ പ്രാദുർഭവിക്കുക= പ്രത്യക്ഷമാവുക/ മധ്യാഹ്നം= ഉച്ചസമയം/ ശുഭം=മംഗളം/ പ്രത്യഹം= ദിനംതോറും

**2. പര്യായപദങ്ങൾ**

ഭൂമി: മഹി, ധരിത്രി, ധരണി/ മനുഷ്യൻ: നരൻ, മർത്ത്യൻ, മാനവൻ/
രാത്രി: നിശ, നിശീഥിനി, രജനി/ ഈശൻ: ഈശ്വരൻ, പരൻ, ഭഗവാൻ/
ശരീരം: വപുസ്സ്, ഗാത്രം, കായം/ സൂര്യൻ: ഇനൻ, ദിനകരൻ, ദിവാകരൻ
നക്ഷത്രം: ഉഡു, താരം, താരകം/ ഇരുട്ട്: അന്ധകാരം, തമസ്സ്, ധ്വാന്തം/

**3. നാനാർത്ഥം**

മാല് : ദുഖം, ഇരുട്ട്/ വേല: ജോലി, ഒരു മതാഘോഷം/
മതി: ബുദ്ധി, വേണ്ട/ വിധി: ദൈവകല്പിതം, ഉത്തരവ്, നിയമം/
പൊരുൾ: അർത്ഥം, സമ്പത്ത്/ ഉരയ്ക്കുക: കൊളുത്തുക, പറയുക.

**4. അർത്ഥവ്യത്യാസം**

1. മാല് = ദുഖം
   മേല് = ശരീരം
   വേല്=ശൂലം
2. ഇനൻ=സൂര്യൻ
   ഇനം=തരം
3. ഹിതം=ഇഷ്ടം.
   ഹതം= നഷ്ടപ്പെട്ട
4. വിധി = ദൈവകല്പിതം
   നിധി = നിക്ഷേപം

**5. എതിർലിംഗം**

ധീരൻ – ധീര

**6. വിപരീതപദം**

ധർമ്മം X അധർമ്മം/ ഹിതം X അഹിതം/പ്രത്യാശ X നിരാശ/ ശുഭം X അശുഭം

**7. സന്ധി നിർണ്ണയിക്കുക**

മഹിയെന്ന്= മഹി+എന്ന്= ആഗമസന്ധി/ സ്ഥാനത്തെ= സ്ഥാനം+എ= ആദേശസന്ധി/ കാര്യമുണ്ടോ= കാര്യം+ഉണ്ടോ= ആദേശസന്ധി/ നിശയും= നിശ+ഉം=ആഗമസന്ധി /
അതായിരിക്കാം=അത്+ആയിരിക്കാം=ലോപസന്ധി /
പ്രത്യഹം=പ്രതി+അഹം=യൺസന്ധി / പ്രത്യാശ=പ്രതി+ആശ=യൺസന്ധി /
സൂര്യാംശു=സൂര്യ+അംശു=സവർണ്ണദീർഘസന്ധി

**8. വിഗ്രഹിച്ചെഴുതുക**

ഉഡുപംക്തി=ഉഡുക്കളുടെ പംക്തി / ദീപപ്രഭ=ദീപത്തിന്റെ പ്രഭ / തീക്കോല്= തീ കത്തിക്കാനുള്ള കോല് / സ്വച്ഛവിവേകം= സ്വച്ഛമായ വിവേകം/
സൂര്യാംശുദീപ്തം= സൂര്യാംശുവിനാൽ ദീപ്തം/ വിവേകദീപം= വിവേകമാകുന്ന ദീപം

**9. ഉത്തരമെഴുതുക**

*1. "തൻസൃഷ്ടിയിൽപ്പെട്ടൊരതിന്നുമീശൻ സ്ഥാനത്തെ നൽകേണ്ടതു ധർമ്മമല്ലേ?" ഏതിന്?*

ഉള്ളൂരിൻെറ 'വിശ്വം ദീപമയം' എന്ന കവിതയിൽ നിന്നുള്ള വരികളാണിവ. സുഖം പോലെ തന്നെ ദു:ഖവും ദൈവസൃഷ്ടമാണെന്നും ഓരോ സൃഷ്ടിക്കും ഈശ്വരൻ അതിൻെറ ധർമ്മം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുകയാണ് കവി. പകൽ പോലെ തന്നെ രാത്രിയും മനുഷ്യജീവിതത്തിന് അത്യാവശ്യമാണ്. പ്രഭാതത്തിൽ ശരീരത്തിന് ഉണർവ് നൽകാൻ രാത്രി കൂടിയേ തീരൂ. സുഖം പോലെ ദു:ഖവും ജീവിതത്തിന് ആവശ്യമായതുകൊണ്ടും അത് ഈശ്വരനിശ്ചയമായതു കൊണ്ടും ദു:ഖത്തെക്കുറിച്ചോർത്ത് പരിതപിക്കേണ്ടതില്ലെന്ന് ഉദ്ബോധിപ്പിക്കുകയാണ് കവി.

*2. "അതായിരിക്കാം പൊരുളാപ്രവൃത്തിക്കജൻ ഹിതം മർത്ത്യനറിഞ്ഞു ചെയ്‌വോൻ." മർത്ത്യൻെറ ഹിതം അറിഞ്ഞ് ദൈവം ചെയ്തത് എന്ത്?*

ജോലി ചെയ്യുന്നതിന് ഇത്രയും പകൽ, വിശ്രമിക്കുന്നതിന് ഇത്രയും രാത്രി എന്നിങ്ങനെ മനുഷ്യൻെറ ആവശ്യം അറിഞ്ഞാണ് ഈശ്വരൻ ദിവസം ക്രമപ്പെടുത്തിയിരിക്കുന്നത്. ആ ഈശ്വരഹിതം മനസ്സിലാക്കിയാണ് മനുഷ്യർ പകൽ പ്രവർത്തിക്കുകയും രാത്രി വിശ്രമിക്കുകയും ചെയ്യുന്നത്. പകലിനോടൊപ്പം രാത്രിയും ആവശ്യമായതു പോലെ സുഖത്തോടൊപ്പം ദു:ഖവും ഈശ്വരൻ ബോധപൂർവ്വം മനുഷ്യർക്ക് നൽകിയതാണെന്ന് ഉപദേശിക്കുകയാണ് കവി.

*3. മിന്നാമിനുങ്ങിൻെറ പ്രവൃത്തി ചൂണ്ടിക്കാട്ടി കവി നൽകുന്ന സന്ദേശമെന്ത്?*

സന്ധ്യ ആയാൽ വിളക്ക് കത്തിക്കാനായി മിന്നാമിനുങ്ങ് കാത്തിരിക്കുന്നു. നിസ്സാരജീവിയായ മിന്നാമിനുങ്ങു പോലും ലോകത്തിന് വെളിച്ചം പകരാൻ തിടുക്കപ്പെടുമ്പോൾ മനുഷ്യരായ നമുക്ക് മാത്രം തിരി തെളിക്കാൻ എന്താണ് ദീനത എന്ന് കവി ചോദിക്കുന്നു. ഇരുട്ടു പരക്കാതെ പ്രവൃത്തിയിലും ചിന്തയിലും വെളിച്ചം നിറയ്ക്കാൻ മനുഷ്യർ താൽപര്യം കാണിക്കണമെന്നാണ് മിന്നാമിനുങ്ങിനെ ഉദാഹരിച്ചു കൊണ്ട് കവി പറയുന്നത്. ആത്മവിശുദ്ധിയുടെ വെളിച്ചം ഉള്ളിൽ കാത്തുസൂക്ഷിക്കുന്നവർക്ക് ലോകത്തിൻെറ ഇരുട്ട് നീക്കി വെളിച്ചം പകരാൻ കഴിയുമെന്ന സന്ദേശമാണ് കവി നൽകുന്നത്.

*4. ആധുനിക കവിത്രയത്തിൽ ഉള്ളൂരിൻെറ സംഭാവന എന്ത്?*

ആധുനിക കവിത്രയത്തിലെ പ്രമുഖനായ കവിയാണ് ഉള്ളൂർ എസ്.പരമേശ്വരയ്യർ. മഹാകാവ്യം, ഖണ്ഡകാവ്യം, ചമ്പു, ലഘുകാവ്യങ്ങൾ, സാഹിത്യചരിത്രം, ലേഖനങ്ങൾ തുടങ്ങി വളരെ വിപുലമായ സാഹിത്യസഞ്ചയമാണ് അദ്ദേഹത്തിൽ നിന്ന് മലയാളത്തിനു ലഭിച്ചത്. പൗരാണികവും സമകാലികവുമായ വിഷയങ്ങളെ അദ്ദേഹം കൃതികൾക്ക് ഇതിവൃത്തമായി സ്വീകരിച്ചു. അറിവ്, മാനുഷികത, സ്വാതന്ത്ര്യബോധം, സഹജീവീസ്നേഹം, പുരോഗമനചിന്ത തുടങ്ങിയവയെല്ലാം ഉള്ളൂർക്കവിതകളുടെ അടിസ്ഥാനഭാവമാണ്. ഉമാകേരളം, കേരളസാഹിത്യചരിത്രം, കർണ്ണഭൂഷണം, പിംഗള, ബന്ധനസ്ഥനായ അനിരുദ്ധൻ, താരഹാരം, തരംഗിണി, കല്പശാഖി, അമൃതധാര തിടങ്ങിയവ അദ്ദേഹത്തിൻെറ പ്രധാന കൃതികളാണ്.

***